(എഫ്) ജലവിതരണ നഷ്ടത്തെക്കുറിച്ച് വിശദമായ പഠനം നടത്തിക്കൊണ്ടിരിക്കയാണ്. ഇതുവരെ കിട്ടിയിട്ടുള്ള രേഖകൾ അനുസരിച്ച് 30% വിതരണനഷ്ടം ഉണ്ടെന്ന് കരുതുന്നു. പരിപാലന ചെലവുകളിൽ പ്രധാനമായും വൈദ്യുത ചാർജ്ജ് ഇനത്തിൽ ഭീമമായ വർദ്ധനവാണ് വന്നിട്ടുള്ളത്. ഓരോ വർഷവും പുതിയ പുതിയ സ്കീം നടപ്പിലാക്കിവരുന്നതും വിതരണ ചെലവ് വർദ്ധിക്കാൻ കാരണമാകുന്നു.

2004-2005-ൽ അതോറിറ്റിക്ക് കറന്റ് ചാർജ്ജ് ഇനത്തിൽ 96 കോടി രൂപയും മറ്റ് മെയിന്റനൻസ് ചാർജ്ജിലേക്കായി 36 കോടി രൂപയും ചെലവായതായിട്ടാണ് കണക്കാക്കിയിരിക്കുന്നത്. (പ്രൊവിഷണൽ അക്കൗണ്ട്സ് പ്രകാരം).

ഇതിനുപുറമെ ശമ്പളവും പെൻഷനുംവേണ്ടി 110 കോടി രൂപ ചെലവാകുന്നുണ്ട്. (ആകെ 242 കോടി രൂപ). എന്നാൽ വെള്ളക്കരമായി 115 കോടി രൂപ മാത്രമേ ലഭിച്ചിട്ടുള്ളൂ. അധികം വരുന്ന 127 കോടി രൂപ ജലവിതരണത്തിന് ആകുന്ന നഷ്ടമായി കണക്കാക്കാം. നഷ്ടത്തിന് പ്രധാന കാരണം പദ്ധതി പരിപാലന ചെലവുകളുടെ ക്രമാതീതമായ വർദ്ധനവല്ല. പക്ഷേ, ചെലവിലുണ്ടാകുന്ന വർദ്ധനവിന് ആനുപാതികമായി വാട്ടർ ചാർജ്ജിൽ വർദ്ധനവ് വരുത്താതിരുന്നതാണ്. കഴിഞ്ഞ അഞ്ചുവർഷത്തിൽ വാട്ടർ ചാർജ്ജിനത്തിൽ യാതൊരുവിധ വർദ്ധനവും വരുത്തിയിട്ടില്ല.

പുഴയോര സംരക്ഷണത്തിനായി കണ്ണൂർ ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ

43 [3296] *ശ്രീ. കെ. പി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇറിഗേഷൻ വകുപ്പിലൂടെ പുഴയോര സംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികളാണ് സർക്കാരിന്റെ ഭാഗത്ത് നിന്നുള്ളത് എന്ന് വിശദീകരിക്കാമോ; നടപ്പിലാക്കുന്ന പദ്ധതികളിൽ കണ്ണൂർ ജില്ലയ്ക്ക് ഈ സാമ്പത്തികവർഷം എത്ര തുക നീക്കിവെച്ചു;

(ബി) കണ്ണൂർ ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദ വിവരങ്ങൾ വെളിപ്പെടുത്താമോ;

(സി) പെരിങ്ങളം നിയോജകമണ്ഡലത്തിലെ കുന്നോത്ത് പറമ്പ് പഞ്ചായത്തും തൃപ്രങ്ങോട്ടൂർ പഞ്ചായത്തും തമ്മിൽ ബന്ധിപ്പിക്കുന്ന പൊങ്ങോട് പുഴയ്ക്ക് കുറുകെ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന വി. സി. ബി. കം-ബ്രിഡ്ജിന്റെ നിർമ്മാണപ്രവർത്തനം ഏത് ഘട്ടംവരെ എത്തിയെന്ന് വിശദീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പുഴയോര സംരക്ഷണത്തിനായി പാർശ്വഭിത്തി കെട്ടുന്നതിനുള്ള എസ്റ്റിമേറ്റുകൾ തയ്യാറാക്കുകയും, ഫണ്ടിന്റെ ലഭ്യതയനുസരിച്ച് എഫ്. സി./എഫ്. ഡി. ഫണ്ടുകളും റിവർ മാനേജ്മെന്റ് ഫണ്ടും ഉപയോഗിച്ച് പ്രസ്തുത പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കി പുഴയോരങ്ങൾ സംരക്ഷിക്കുകയും ചെയ്തുവരുന്നു. കണ്ണൂർ ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് 48.50 ലക്ഷം രൂപയുടെ പ്രവൃത്തികൾ ഈ സാമ്പത്തികവർഷം ഏറ്റെടുത്തു നടപ്പിലാക്കുന്നുണ്ട്.

(ബി) തളിപ്പറമ്പ് മുനിസിപ്പാലിറ്റി, ചെങ്ങളായി, ധർമ്മടം, ചിറയ്ക്കൽ, കൂടാളി, പരിയാരം, മുഴപ്പിലങ്ങാട്, എരുവേശ്ശി, എടക്കോട്, പാപ്പിനിശ്ശേരി, കണ്ണൂർ മുനിസിപ്പാലിറ്റി, മുഴക്കുന്ന് എന്നിവിടങ്ങളിൽ പുഴയോര സംരക്ഷണ പ്രവൃത്തികൾ നടത്തുവാൻ 137 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികൾ റിവർ മാനേജ്മെന്റ് ഫണ്ടിൽ ഉൾപ്പെടുത്തി അംഗീകാരത്തിനായി ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിനുപുറമേ പുത്തൂർ പുഴയിൽ കുന്നോത്ത് പറമ്പ് പഞ്ചായത്തിൽ 24.25 ലക്ഷം രൂപയുടെയും, കുണ്ടൂർ പുഴയിൽ അങ്ങാടിക്കടവിൽ 2.10 ലക്ഷം രൂപയുടെയും പാട്യം പഞ്ചായത്തിൽ അമ്പലപ്പുഴ വേട്ടക്കൊരുമകൻ ക്ഷേത്രത്തിനുസമീപം 3.95 ലക്ഷം രൂപയുടെയും പാട്യം പഞ്ചായത്തിൽ ചിറക്കാവിൽ 6.70 ലക്ഷം രൂപയുടെയും പണികൾക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്.

(സി) ഈ പ്രവൃത്തിക്ക് ടെക്നിക്കൽ അപ്രൂവൽ നൽകിയശേഷം സാമ്പത്തിക അനുമതിക്കായി ആർ. ഐ. ഡി. എഫ്. 11-ൽ ഉൾപ്പെടുത്തി നബാർഡിന് സമർപ്പിച്ചിട്ടുണ്ട്.

കോഴിക്കോട് നഗരത്തിലെ ജലവിതരണം

44 [3297] *ശ്രീ. എ. സുജനപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നഗരത്തിൽ ജലവിതരണം മെച്ചപ്പെടുത്തുന്നതിനുവേണ്ടി ഈ സാമ്പത്തികവർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളുടെ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിനുവേണ്ടി പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ;

(സി) പഴയ പൈപ്പുകൾ മാറ്റുന്നതിന് ഇതെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും എവിടെയെല്ലാമാണ് പഴയ പൈപ്പുകൾ മാറാൻ ഉദ്ദേശിക്കുന്നതെന്നുമുള്ള വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly